**<u>15 -ാം കേരള നിയമസഭ</u>**

**<u>12 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1826</u>** **<u>11-10-2024 - ൽ മറുപടിയ്ക്ക്</u>**

**<u>കെ.എസ്.ആർ.ടി.സിയ്ക്ക് പുതിയ ബസുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | പതിനഞ്ച് വർഷത്തിലധികം പഴക്കമുള്ള കെ.എസ്.ആർ.ടി.സി ബസുകൾ പൊളിച്ചു നീക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; | (എ) | പതിനഞ്ച് വർഷത്തിലധികം പഴക്കമുള്ള കെ.എസ്.ആർ.ടി.സി ബസ്സുകൾ പൊളിച്ചു നീക്കാൻ തീരുമാനം ആയിട്ടില്ല. കാലപ്പഴക്കം ചെന്നതും വർദ്ധിച്ച അറ്റകുറ്റ പണികൾ ഉള്ളതുമായ കെ.എസ്.ആർ.ടി.സിയുടെ ബസ്സുകൾ വിദഗ്ദ്ധ സമിതിയുടെ ശിപാർശ പ്രകാരം ഭരണസമിതി അംഗീകാരത്തോടെ സ്ക്രാപ്പ് ചെയ്ത് ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | പകരം എത്ര പുതിയ ബസുകൾ വാങ്ങാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനാവശ്യമായ തുക കണ്ടെത്തുന്നത് എപ്രകാരമെന്നും വിശദമാക്കുമോ? | (ബി) | പുതിയ 220 ബസ്സുകൾ Fully Built 10.5 Meter Non AC 4 Cylinder Engine diesel BS VI മാനദണ്ഡ പ്രകാരമുള്ള ബസുകൾ വാങ്ങുന്നതിനുള്ള ഇ-ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. 2024-2025 വാർഷിക പദ്ധതിയിൽ അനുവദിക്കുന്ന തുക ഉപയോഗിച്ചാണ് ടി ബസുകൾ വാങ്ങുന്നത്. |

സെക്ഷൻ ഓഫീസർ